## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 3648 | 23.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

### ഹോട്ടൽ ഭക്ഷണത്തിന് ജി.എസ്.ടി.

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.രാജു എബ്രഹാം | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | എ.സി. റസ്റ്റോറന്റുകളിൽ വിളമ്പുന്ന ഭക്ഷണത്തിന് സംസ്ഥാന ബഡ്ജറ്റിൽ ഏർപ്പെടുത്തിയ നികുതി ജി.എസ്.ടി. ഏർപ്പെടുത്തിയപ്പോൾ ഒഴിവാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | ഹോട്ടൽ ഭക്ഷണത്തിന് പല നിരക്കിൽ ടാക്സ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഏകീകരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | ഇതുമായി ബന്ധപ്പെട്ട പരാതികൾ പല ഭാഗത്തുനിന്നും ലഭിച്ചിട്ടുണ്ട്. വാറ്റ് നികുതി നിലവിലുണ്ടായിരുന്ന സമയത്ത് പാകം ചെയ്ത ഭക്ഷണത്തിന് കേരളത്തിൽ അരശതമാനം കോമ്പൗണ്ടിംഗ് നികുതി മാത്രമേ ഉണ്ടായിരുന്നുള്ളൂ. കൂടാതെ വിറ്റുവരവിന് പരിധിയില്ലായിരുന്നു. എന്നാൽ ജി.എസ്.ടി നിയമ പ്രകാരം 75 ലക്ഷം രൂപ വരെ വിറ്റുവരവ് ഉള്ളവർക്ക് കോമ്പോസിഷൻ നികുതി സംവിധാനത്തിലേയ്ക്ക് മാറുവാനും അടയ്ക്കേണ്ട നികുതി 5% ആയി നിജപ്പെടുത്തുകയുമുണ്ടായി. കോമ്പോസിഷൻ സ്കീം ഓപ്റ്റ് ചെയ്യുന്ന വ്യാപാരികൾക്ക് ഉപഭോക്താക്കളിൽ നിന്നും നികുതി ഈടാക്കാൻ അവകാശമുണ്ടായിരിക്കില്ല. കോമ്പോ |

| | | | |
|---|---|---|---|
| | | | സിഷൻ വ്യവസ്ഥയില്ലാതെ നികുതി അടയ്ക്കുന്നവർക്ക് നോൺ-എസി റസ്റ്റോറന്റുകളിൽ 12% - ഉം എസി റസ്റ്റോറന്റുകളിൽ 18% - ഉം ആണ് നികുതി. ഇത് പ്രകാരമുള്ള ഇൻപുട്ട് ക്രെഡിറ്റ് ലഭ്യത പരിഗണിക്കാതെ വ്യാപാരികൾ മുൻവിലയിൽ ജി.എസ്.ടി ചുമത്തി അമിതവില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള ബില്ലുകൾ ശേഖരിക്കുന്നതിനും അമിതമായ നികുതിപിരിവിനെതിരെ നടപടി സ്വീകരിക്കുന്നതിനും വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഹോട്ടൽ ഭക്ഷണത്തിന് കൃത്യമായി നൽകേണ്ട നികുതി എത്രയെന്ന് ജനങ്ങൾക്ക് ബോദ്ധ്യമാകത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | കോമ്പോസിഷൻ സ്കീം സ്വീകരിച്ചിട്ടുള്ള ഹോട്ടലുകൾക്ക് ജനങ്ങളിൽ നിന്ന് നികുതി പിരിക്കാൻ അവകാശമില്ല. ഇത് അത്തരം ഹോട്ടലുകളുടെ ബില്ലിലും ബോർഡിലും സൂചിപ്പിക്കേണ്ടതുണ്ട്. എന്നാൽ ഹോട്ടലുകളിൽ ഏതെങ്കിലും ഭാഗത്ത് ശീതീകരണ സംവിധാനമുണ്ടെങ്കിൽ മൊത്തത്തിൽ 18% നികുതി അടയ്ക്കേണ്ടതുണ്ട്. ഇതിന്റെ അശാസ്ത്രീയത കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ പ്പെടുത്താൻ തീരുമാനമെടുത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**